## ക്യാംപസ്

ആരവം, ആവേശം, ആഘോഷം

കോളജ് വിശേഷങ്ങൾ ക്യാംപസ്സുമായി പങ്കുവയ്ക്കാം.
ഇ-മെയിൽ: campulsetcr@gmail.com

# ഒരൊന്നൊന്നര സ്വിമ്മിങ് പൂൾ

**രണ്ടു വർഷംകൊണ്ടു പ്രശസ്തിയിലേക്കു നീന്തിക്കയറിയ രാമവർമപുരം വിമല കോളജിലെ അക്വാറ്റിക് കോംപ്ലക്സിന്റെ വിശേഷങ്ങൾ**

**സ്വന്തം ലേഖകൻ**

നീലനിറത്തിൽ വെട്ടിത്തിളങ്ങുന്ന വെള്ളത്തോടൊപ്പം കുട്ടികളുടെ കളിയും ചിരിയും. കൈകാലിട്ടടിച്ചും വെള്ളം ചിതറിച്ചും നീന്തൽ പരിശീലനത്തിലാണവർ. നീന്തിക്കയറാൻ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു സ്വിമ്മിങ് പൂൾ കൂടി ജില്ലയുടെ അഭിമാനമാവുകയാണ്; രാമവർമപുരം വിമല കോളജിലെ അക്വാറ്റിക് കോംപ്ലക്സ്.

ഈയിടെ കഴിഞ്ഞ സംസ്ഥാന സ്കൂൾ നീന്തൽ, വാട്ടർ പോളോ മൽസരങ്ങളിലൂടെ വിമലയുടെ അക്വാറ്റിക് കോംപ്ലക്സ് നീന്തൽപ്രേമികൾക്കു പരിചിതമാവുകയാണ്. 50 മീറ്റർ നീളവും 25 മീറ്റർ വീതിയുമുള്ള പ്രധാന നീന്തൽക്കുളം സെമി ഒളിംപിക് വിഭാഗത്തിൽപ്പെട്ടതാണ്. ഡൈവിങ് മൽസരം ഉൾപ്പെടെ എല്ലാ നീന്തൽമൽസരങ്ങളും ഈ കുളത്തിൽ നടത്താം. കൂടാതെ, മൂന്നര വയസു മുതൽ ഒൻപതു വയസുവരെയുള്ളവർക്കായി കിഡ്സ് പൂളും സജ്ജമാണ്. ഇതിൽ തുടക്കക്കാരായ കുട്ടികൾക്കു നീന്തൽപരിശീലനം നടത്താം.

കൊച്ചുകൂട്ടുകാർ ഇറങ്ങിയാൽ മുട്ടിനു താഴെ വരെ മാത്രമേ വെള്ളം ഉണ്ടാകു. ഇവയ്ക്കു പുറമെ പരിശീലനത്തിനു മാത്രമായി പ്രത്യേക പൂളുമുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഹെൽത്ത് ക്ലബ് കൂടി കോംപ്ലക്സിൽ ഒരുക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. രണ്ടു വർഷമായി കാലിക്കറ്റ് സർവകലാശാല ഇന്റർ കൊളീജിയറ്റ് നീന്തൽ ചാംപ്യൻഷിപ്പും വിമലയിൽ നടന്നിരുന്നു. വെള്ളം ശുദ്ധീകരിക്കാൻ മാത്രമായി നാലു ജീവനക്കാരുണ്ട്. കോളജിനുള്ളിൽതന്നെയാണ് വെള്ളം ശുദ്ധീകരിക്കുന്ന സംവിധാനവും.

സായി മുൻ നീന്തൽ പരിശീലകൻ കുഞ്ചു മാത്യുവിന്റെ നേതൃത്വത്തിലാണു പരിശീലനം. തുടക്കക്കാർക്ക് ഇവിടെനിന്ന് 21 ദിവസംകൊണ്ടു നീന്തൽ പഠിക്കാം. 25 പേർക്ക് ഒരേസമയം നീന്തൽ പഠിക്കാനാവും. പെൺകുട്ടികളെ പഠിപ്പിക്കാൻ വനിതാ പരിശീലകരുണ്ട്.



രാമവർമപുരം വിമല കോളജിലെ അക്വാറ്റിക് കോംപ്ലക്സ്